[Mr. President]

തിന് ഒരു നിയന്ത്രണം വയ്ക്കേണ്ടതു് ആവശ്യമെന്ന് ഇന്നലത്തെ നടപടികളിൽനിന്നും മനസ്സിലാക്കുന്നു. ചോദ്യങ്ങൾക്കും ഉത്തരങ്ങൾക്കും ക്രമി അല്പത്തെ ഒരു മണിക്കൂർ മാത്രമേ വിനിയോഗിക്കുവാൻ പാടുള്ളൂ. ഇന്നലെ ഉത്തരം പറയുന്നതിനായി ഏകദേശം ചോദ്യങ്ങൾമാത്രം ഉണ്ടായിരുന്നിട്ടും ഉപചോദ്യങ്ങളുടെ ബാഹുല്യംകൊണ്ടു് ഈ ചോദ്യങ്ങൾക്കുമാത്രമായി വാങ്മൂലമായ ഉത്തരം പറയുവാൻ സാധിച്ചില്ല. സാധാരണഗതിയിൽ ഒരു മണിക്കൂറിൽ ന-ം, ര-ം ചോദ്യങ്ങളും അവയുടെ ഉപചോദ്യങ്ങളും നടക്കുന്നതാണ്. അതിനാൽ ഉപചോദ്യങ്ങൾ ചോദിക്കുന്ന വിഷയത്തിൽ ബഹുമാനപ്പെട്ട മെംബറന്മാർ ഒരു നിയന്ത്രണം അടിച്ചേൽപ്പിക്കേണ്ടതാണെന്നും, ഏറ്റവും അത്യാവശ്യമാണെന്നു കാണുന്ന സംഗതികളെപ്പറ്റിമാത്രമേ ഉപചോദ്യങ്ങൾ ചോദിക്കാൻ പാടുള്ളൂ എന്നുമാണ് എനിക്കു പ്രസ്താവിക്കുവാനുള്ളതു്.

QUESTIONS AND ANSWERS.

റേഷൻ കടകൾ.

13 MR. E. P. PAULOSE (*Muvattupuzha III—General*): താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

(എ) റേഷൻ കടകൾ പരിശോധിക്കുന്ന ഉദ്യോഗസ്ഥന്മാർ കച്ചവടക്കാരന്റെ കണക്കുകളും റേഷൻ വാങ്ങുന്ന ആളുകളുടെ റേഷൻ കാർഡുകളുമായി ഒത്തുനോക്കുന്ന പതിവുണ്ടോയെന്നും എല്ലാവരും അവരുടെ കാർഡനുസരിച്ചുള്ള റേഷൻ വാങ്ങുന്നുണ്ടായെന്നും ഗവൺമെൻറ് അന്വേഷിച്ചിട്ടുണ്ടോ?

(ബി) പലരും കാർഡനുസരിച്ചുള്ള റേഷൻ വാങ്ങുന്നില്ലെന്നുള്ള വിവരം ഗവൺമെൻറിന്റെ ദൃഷ്ടിയിൽപ്പെട്ടിട്ടുണ്ടോ?

(സി) പല റേഷൻ കടക്കാരും റേഷൻ വാങ്ങാത്തവരുടെ കാർഡനുസരിച്ച ചില്വെഴുതി 'ബ്ലാക്ക് മാർക്കറ്റു്' നടത്തിവരുന്ന വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

HON'BLE MR. A. THANU PILLAI (*Prime Minister*): (a) Yes.

(b) It has come to the notice of Government that certain card holders do not purchase their rations.

(c) A few cases have come to the notice of Government and exemplary punishment has been awarded.

LIBRARY ARCHIVES Kerala Legislative Assembly

MR. E. P. PAULOSE : കൂടുതൽ സെക്യൂരിട്ടി കെട്ടിവയ്ക്കണമെന്നോ വശ്യപ്പെട്ടതുകൊണ്ട് അടുത്തകാലത്തു പല സ്ഥലങ്ങളിലും റേഷൻകട കൾ നിറുത്തിയിട്ടുണ്ട്. അങ്ങനെയുള്ള സ്ഥലങ്ങളിൽ പുതിയകടകൾ തുറക്കുന്നതിനുള്ള നടപടികൾ നടത്തുമോ?

HON'BLE MR. A. THANU PILLAI : നടത്താം.

MR. K. A. MATHEW (*Thiruvellah IV—General*) : എക്സ്പ്ലനേറി പണിഷ്മെൻറ് എന്ന മറുപടി പറഞ്ഞു എന്തെല്ലാമാണ് ഈ ശിക്ഷകളെന്നു പറയാമോ?

HON'BLE MR. A. THANU PILLAI : അതു് കേസ്സുകളുടെ സ്ഥിതി പോലെയിരിക്കും. ചിലപ്പോൾ കെട്ടിവച്ച സെക്യൂരിട്ടിയിൽ കുറെ തുക പിഴയിനായി ഈടാക്കും. ചിലപ്പോൾ മുഴുതുകയും ഈടാക്കും. ചിലപ്പോൾ പ്രോസിക്യൂട്ടുചെയ്യും.

MR. K. A. MATHEW : അങ്ങനെ എത്ര കേസ്സുകൾ പ്രോസിക്യൂട്ടു ചെയ്തിട്ടുണ്ടെന്നു പറയുമോ?

HON'BLE MR. A. THANU PILLAI : അതിനു നോട്ടീസ്സുവേണം.

MR. A. CHIDAMBARANATHA NADAR (*Kalkulam II—Hindu Nadar Reserved*) : எத்து மந்திரியவர்களுக்கு ரேஷன்காரடுகளுண்டா?

HON'BLE MR. A. THANU PILLAI : ഈ ചോദ്യം ഇപ്പോഴത്തേതിൽ നിന്നുളവാകുന്നതാണോ എന്നു സംശയിക്കുന്നു. എന്തായാലും മന്ത്രിമാക്കു് റേഷൻകാർഡുകൾ ഉണ്ടു്.

MR. M. VARKEY (*Kunnatnad II—Generhal*): കൂടുതൽ സെക്യൂരിട്ടി കെട്ടിവെയ്ക്കാത്തതുകൊണ്ടു് വല്ല കടകളും നിറുത്തൽചെയ്യേണ്ടതായി വന്നിട്ടുണ്ടോ?

HON'BLE MR. A. THANU PILLAI : അതിനു നോട്ടീസുവേണം.

MR. P. M. VARGHESE (*Thodupuzha II—General*): ഒരു പ്രായിൻറാഫ് ഓർഡർ. സർ, ഒരു മെംബർ ചോദിക്കുന്ന ചോദ്യങ്ങൾക്കു എല്ലാം നോട്ടീസുവേണം നോട്ടീസുവേണം എന്നു പറഞ്ഞാൽ ഉപചോദ്യങ്ങൾ ചോദിക്കേണ്ട ആവശ്യംതന്നെ ഇല്ലെന്നുവരും. ഒരു ചോദ്യത്തിനുത്തരം പറയേണ്ടതായിവരുന്ന കാര്യങ്ങളെല്ലാംതന്നെ ബഹുമാനപ്പെട്ട മന്ത്രിമാർ മുൻകൂട്ടി അറിഞ്ഞു ഈ സഭയിൽ വരേണ്ടതല്ലേ?

LIBRARY ARCHIVES Kerala Legislative Assembly

MR. PRESIDENT : മിക്കവാറും വരാവുന്ന ഉപചോദ്യങ്ങൾക്കുള്ള ഉത്തരംകൂടി പറയാൻ ഗവണ്മെൻറു മെംബറന്മാർ തയാറാകേണ്ടതാണു്. എന്നാൽ ചിലപ്പോൾ ചില ഉപചോദ്യങ്ങൾക്കു് പെട്ടെന്നു് മറുപടി പറയാൻ കഴിഞ്ഞില്ലെന്നു് വന്നേക്കും. അങ്ങനെയുള്ള സന്ദർഭങ്ങളിൽ നോട്ടീസ് വേണമെന്നു് അവർക്കു് അവകാശപ്പെടാവുന്നതാണു്.

നെൽക്കൃഷി.

14 MR. E. P. PAULOSE: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹു മാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

(എ) ഈ കൊല്ലം വനം കൃഷിയിൽനിന്നും മിഛ്റു ഇറിഗേഷൻ പദ്ധതികൾ വികസിപ്പിച്ചിട്ടുള്ളതു നിമിത്തം കൂടുതലായി എത്ര മാത്രം നെല്ലു കിട്ടുമെന്നാണു് ഗവണ്മെൻറു് പ്രതീക്ഷിക്കുന്നതു്?

(ബി) ഇങ്ങനെ നെല്ലു് കൂടുതൽ ലഭിക്കുന്നതു നിമിത്തം ഭക്ഷ്യധാന്യനിയന്ത്രണം നീക്കുന്നതിനു സാധിക്കുമോയെന്നുള്ളതിനെപ്പറ്റി ഗവണ്മെൻറു് ആലോചിക്കുമോ?

HON'BLE MR. A. THANU PILLAI : (a) Ten Lakhs of paras of paddy.

(b) The matter is engaging the attention of Government.

Superintendent, State Transport.

15. MR. T. K. NARAYANA PILLAI (*Parur II—General*): Will the Honourable Minister for Transport be pleased to state:

(*a*) whether an enquiry was conducted against Mr. Ramamurthy the present Director of the State Transport; and

(*b*) if so, the result of such enquiry and the action, if any taken or contemplated to be taken on the basis of such enquiry?

HON'BLE MR. T. M. VARGHESE : (എ) മി. രാമമൂർത്തിയുടെ പേരിൽ അന്വേഷണം നടത്തി റിപ്പോർട്ടു വാങ്ങിയിട്ടുണ്ടു്.

(ബി) ആ റിപ്പോർട്ടു ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെടുകയും അതിനെപ്പറ്റി ചെയ്യേണ്ട തീരുമാനങ്ങൾ സംബന്ധിച്ചു് ഗവണ്മെൻറു് ആലോചിച്ചുവരുകയുമാണു്. അവസാനതീരുമാനം ആയിട്ടില്ല.

MR. T. K. NARAYANA PILLAI : എന്നാണു് റിപ്പോർട്ടു ഗവണ്മെൻറിലേക്കു് സമർപ്പിച്ചതെന്നു പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly